അനിമൽഹസ്ബൻട്രി വകുപ്പിന്റെ കീഴിൽ പുതിയ ഡക്ക് ഫാമുകൾ

71 [110] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിമൽഹസ്ബൻട്രി വകുപ്പിന്റെ കീഴിൽ പുതിയ ഡക്ക് ഫാമുകളോ നിലവിലുള്ളതിന്റെ എക്സ്റ്റൻഷൻ സെന്ററുകളോ ആരംഭിക്കുവാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) തിരുവല്ലാ തൈമലയിൽ ഈ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഡക്ക് ഫാമിന് അനുയോജ്യമല്ലാത്തതിനാൽ അവിടെ ഡക്ക് ഫാം ആരംഭിക്കാനുള്ള പരിപാടി വേണ്ടെന്നുവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) നിരണത്തെ താറാവ് വളർത്തൽ കേന്ദ്രത്തിന്റെ ഒരു എക്സ്റ്റൻഷൻ സെന്റർ തിരുവല്ലയിൽ സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. കാർഷിക സർവകലാശാലയിലെ വിദഗ്ദ്ധൻമാരുടെ അഭിപ്രായപ്രകാരമാണ് ഈ എക്സ്റ്റൻഷൻ സെന്റർ തിരുവല്ലായിൽ തന്നെ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. ഈ സ്ഥലം അതിന് അനുയോജ്യമല്ലെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല. അവിടെ സങ്കരവർഗ്ഗത്തിലുള്ള താറാവുകളെ ഉൽപാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഭാരതീപുരം ഓയിൽ ഫാം

72 [111] ശ്രീ. വി. കെ. രാജൻ:

,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീപുരം ഓയിൽ ഫാമിനുവേണ്ടിയുള്ള ഫാക്ടറി സ്ഥാപിക്കുന്ന കാര്യം തീരുമാനമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫാക്ടറിയുടെ പ്രവർത്തനം എപ്പോഴേക്ക് ആരംഭിക്കുവാൻ കഴിയും?

ഉത്തരം

(എ) ഫാക്ടറി സ്ഥാപിക്കാൻ ആവശ്യമായ കൺസൽട്ടൻറിനെ തിരഞ്ഞെടുക്കുന്നതിനു വേണ്ട നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

(ബി) 1982-83 ആകുമ്പോഴേക്കും ഫാക്ടറി പ്രവർത്തനം തുടങ്ങുമെന്നു കരുതുന്നു.

ശാസ്താംകോട്ട-ശൂരനാട് റൂറൽ വാട്ടർ സപ്ലൈ സ്കീം

73 [112] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട-ശൂരനാട് സൗത്ത് സംയുക്ത റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly